പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2244 08. 12. 2015 ൽ മറുപടിക്ക്

## വൈദ്യുതി ലാഭിക്കാനുള്ള പദ്ധതികൾ

ചോദ്യം

ശ്രീ.ജി.എസ്.ജയലാൽ

ഉത്തരം

ശ്രീ ആര്യാടൻ മുഹമ്മദ്

(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി ലാഭിക്കുന്നതിന്റെ ഭാഗമായി സി. എഫ്. എൽ. ലൈറ്റുകൾ സൗജന്യമായി നൽകിയിരുന്നത് ഗുണകരമായ നടപടി ആയിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി വഴി കാര്യക്ഷമത കുറഞ്ഞ സാധാരണ ബൾബിന് പകരമായി കാര്യക്ഷമത കൂടിയ സി. എഫ്. എൽ നൽകുന്നതിന് ബജത് ലാമ്പ് യോജന എന്ന ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. ഇതിൻ പ്രകാരം കേരളത്തിൽ ഏകദേശം 1.27 കോടി 60 W ന്റെ സാധാരണ ബൾബ് മാറ്റി പകരം 14 W ന്റെ സി. എഫ്. എൽ നൽകിയതു വഴി 2400 MU യൂണീറ്റ് വൈദ്യുതി ലാഭമുണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.<br>കൂടാതെ 2009-10 കാലയളവിൽ "ദശലക്ഷം സി.എഫ്.എൽ." പദ്ധതിയും 2010-11 കാലയളവിൽ 1.5 കോടി സി.എഫ്.എൽ. പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ദശലക്ഷം സി.എഫ്.എൽ. പദ്ധതി നടപ്പിലാക്കിയതു വഴി പ്രതിദിനം 0.25 മില്യൺ യൂണിറ്റിന്റെ ഉപഭോഗ കുറവും 1.5 കോടി സി.എഫ്.എൽ. പദ്ധതി നടപ്പിലാക്കിയതു വഴി പീക്ക് ഡിമാന്റിൽ 300 മെഗാവാട്ടിന്റെ കുറവും കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ തുടർച്ചയെന്നോണം എൽ. ഇ. ഡി. ലൈറ്റുകൾ നാമമാത്ര വിലയ്ക്കോ സൗജന്യമായോ നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ? | (ബി) | ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാനുള്ള ഒരു പദ്ധതി അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ